# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 760 23-7-2012-ലെ മറുപടിക്ക്.

### തീരദേശ ജാഗ്രതാ സമിതികൾ

ചോദ്യം :

ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ. ഇ. കെ. വിജയൻ
ശ്രീമതി. ഗീതാ ഗോപി

ഉത്തരം :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തീരദേശ ജാഗ്രതാ സമിതികൾ പ്രവർത്തിച്ചു വരുന്നുണ്ടോ; | എ) | ഉണ്ട് |
| (ബി) | ഇല്ലെങ്കിൽ ജാഗ്രതാ സമിതികൾ എന്ന് രൂപീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) | ബാധകമല്ല |
| (സി) | ജാഗ്രതാ സമിതികളുടെ പ്രവർത്തനോദ്ദേശ്യങ്ങൾ എന്തെല്ലാമാണെന്ന്വിശദമാക്കുമോ? | സി) | തീരദേശം വഴിയുള്ള തീവ്രവാദ പ്രവർത്തനങ്ങൾ തടയുക, തീരദേശങ്ങളിൽ സമാധാന അന്തരീക്ഷം ഉറപ്പു വരുത്തുക, സംശയകരമായ രീതിയിലുള്ള യാനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിയിക്കുക. കൂടാതെ അപരിചിതരായ ആളുകൾ, ബോട്ടുകൾ സംശയകരമായ ചരക്കു നീക്കങ്ങൾ എന്നിവ നിരീക്ഷിക്കുക, കടലിൽ ഉണ്ടാകുന്ന അപകടങ്ങൾ, സുനാമി പോലുള്ള പ്രകൃതി ക്ഷോഭം മുതലായ ഘട്ടങ്ങളിൽ അടിയന്തിര സഹായവും രക്ഷാ പ്രവർത്തനവും നടത്തുക, ഇൻഡ്യൻ നേവി, കോസ്റ്റ് |

| | | | | |
|---|---|---|---|---|
| | | | | ഗാർഡ് എന്നിവരുടെ സഹകരണത്തോടെ മൽസ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണ ക്ളാസുകൾ നടത്തുക എന്നിവയെല്ലാമാണ് തീരദേശ ജാഗ്രതാ സമിതികളുടെ പ്രവർത്തനോദ്ദേശ്യങ്ങൾ. ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളും ജാഗ്രതയും തിരദേശ സുരക്ഷ മോക്ക് ഡ്രിൽ ട്രൈട്ടോൺ ( 1 മുതൽ 5 വരെ) വിജയകരമായി നടത്തുന്നതിന് വളരെ സഹായകരമായിട്ടുണ്ട്. എല്ലാ ജാഗ്രതാ സമിതികളിലും കൂടി ഏകദേശം 2421 -ഓളം യോഗങ്ങൾ കൂടുകയും 37,953-ഓളം പേർ പ്രസ്തുത യോഗങ്ങളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ